**പത്രക്കുറിപ്പ്**

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
T.C. 14/2036, VanrossJn,University P.O,
Thiruvananthapuram – 34
e-mail : pro.cpcr@gmail.com
Phone : 0471 – 2326603/04/05

28-12-2020

# പോക്സോ കേസ് തീരുംവരെ പദ്ധതിപ്പങ്കാളികൾക്ക് ചുമതലയെന്ന് ബാലാവകാശ കമ്മീഷൻ വെബിനാർ

കുട്ടികൾക്കെതിരായ ലൈംഗിക പീഡനങ്ങളിൽ കേസ് അവസാനിക്കുന്നതുവരെ ചുമതലപ്പെട്ട സംവിധാനങ്ങളുടെ ഉത്തരവാദിത്തം അവസാനിക്കുന്നില്ലെന്ന് കേരള ലീഗൽ സർവീസസ് അതോറിറ്റി മെമ്പർ സെക്രട്ടറി കെ.ടി നിസാർ അഹമ്മദ് വ്യക്തമാക്കി. പോക്സോ കേസുകളിൽ പൊലീസ് പ്രഥമവിവര റിപ്പോർട്ട് തയാറാക്കുന്നതു മുതൽ കോടതി വിധി പ്രസ്താവിക്കുന്നതു വരെ കുറ്റകൃത്യത്തെ അതിജീവിച്ചവർക്ക് നിയമ സംവിധാനങ്ങളുടെ സഹായത്തിന് അവകാശമുണ്ട്. നിയമസഹായം നൽകാൻ ജില്ല നിയമസഹായ അതോറിറ്റികൾക്ക് നിർദേശം നൽകിയിട്ടുണ്ട്. സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സംഘടിപ്പിച്ച വെബിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു നിസാർ അഹമ്മദ്.

പോക്സോ കേസ് അന്വേഷണത്തിന്റെയും നടത്തിപ്പിന്റെയും ഓരോ ഘട്ടത്തിലും പദ്ധതിപ്പങ്കാളികൾ പരസ്പരം സഹകരിച്ച് പ്രവർത്തിക്കണമെന്ന് കമ്മീഷൻ ചെയർമാൻ കെ.വി മനോജ്കുമാർ പറഞ്ഞു. പദ്ധതിപ്പങ്കാളികൾ നിരുത്തരവാദപരമായി പെരുമാററുത് എന്നപോലെ പ്രസക്തമാണ് സ്വന്തം പരിധിയിൽ മാത്രം ഒതുങ്ങി പ്രവർത്തിക്കരുത് എന്നത്. ആലുവയിൽ ആറുവയസ്സു

കാരിയെ അച്ഛന്റെ ബന്ധുവായ യുവതി പീഡിപ്പിച്ചെന്ന കേസിൽ കുട്ടിയെ 11 തവണ പൊലീസ് ചോദ്യം ചെയ്ത സംഭവത്തെ അതീവഗൗരവത്തോടെയാണ് കമ്മീഷൻ കാണുന്നത്. നിയമവിരുദ്ധമായി യൂണിഫോം ധരിച്ച് പൊലീസ് ചോദ്യം ചെയ്തതും തെറ്റാണ്. ഇത്തരം കുറ്റങ്ങൾ ചെയ്യുന്നത് ആരായാലും നിസാരമായി കാണാൻ കഴിയില്ല. സംവിധാനങ്ങൾ ബാലസൗഹൃദപരമായി വേണം പ്രവർത്തിക്കാൻ. വെബിനാറിൽ അദ്ധ്യക്ഷത വഹിക്കുകയായിരുന്നു ചെയർമാൻ.

പോക്സോ നിയമം സംബന്ധിച്ച് പതിനാല് ജില്ലകളിൽ നടത്തിയ വെബിനാറിൽ അവസാനത്തേതായിരുന്നു ഇന്നലെ നടന്നത്. കമ്മീഷൻ അംഗങ്ങളായ കെ. നസീർ, ഫാ. ഫിലിപ്പ് പരക്കാട്ട്, ബി. ബബിത, സി. വിജയകുമാർ എന്നിവരും ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജുവനൈൽ ജസ്റ്റീസ് ബോർഡ്, സ്പെഷ്യൽ കോർട്ട് പബ്ലിക് പ്രോസിക്യൂട്ടർമാർ, പൊലീസ്, എക്സൈസ്, വനിക-ശിശു വികസന വകുപ്പുകളും എറണാകുളം ജില്ലയിൽ നിന്നുള്ള മറ്റ് പോക്സോ പദ്ധതിപ്പങ്കാളികളും സംബന്ധിച്ചു.

പബ്ലിക് റിലേഷൻസ് ഓഫീസർ